"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഫിഷറീസ് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.442/2026/F&P തീയതി,തിരുവനന്തപുരം, 03-08-2026

പരാമർശം:-

1. 31/07/2025, 16-10-2025-തീയതികളിലെ വകുപ്പുതല അഡ്ഹോക് സ്ഥാനക്കയറ്റ കമ്മിറ്റി (ഹയർ) 2025 യോഗ തീരുമാനം.
2. ശ്രീ.സുരേന്ദ്രൻ കെ.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽചെയ്ത OA[EKM] 1229/2025-ൽ 26/08/2025-ലെ ഉത്തരവ്.
3. ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത W.P.(C)46894/2025 ന്മേൽ 09/03/2026 -ലെ ഉത്തരവ്.
4. ശ്രീ.സുരേന്ദ്രൻ കെ.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽചെയ്ത OA[EKM] 1229/2025-ൽ 8/12/2025 ,24/03/2026-തീയതികളിലെ ഉത്തരവുകൾ.
5. 28/01/2026-ലെ റഫറൽ ബോർഡ് യോഗ തീരുമാനം.
6. 05/06/2026-ന് കൂടിയ അഡ് ഹോക്ക് വകുപ്പ് തല സ്ഥാനക്കയറ്റ കമ്മിറ്റി (ഹയർ) യോഗ തീരുമാനം.
7. സ.ഉ.(പി) നം.15/2025/മ.തു.വ തീയതി 29/06/2026
8. ഫിഷറീസ് ഡയറക്ടറുടെ 09/07/2026-ലെ DFTVM/3059/2025-A3 നമ്പർ കത്ത്.

***ഉത്തരവ്***

ശ്രീ.സുരേന്ദ്രൻ കെ.വി, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ 01.01.2023 മുതൽ 10.08.2023 വരെയുള്ള കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഗ്രേഡിങ് നടത്തിയതിൽ അപാകതയുണ്ടെന്നു കാണിച്ച് മത്സ്യബന്ധന തുറമുഖ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മുൻപാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. 2025 വർഷത്തെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് 31/07/2025ന് വകുപ്പുതല അഡ്ഹോക് സ്ഥാനക്കയറ്റ കമ്മിറ്റി(ഹയർ)2025 യോഗം കൂടുകയും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനു പരിഗണിക്കേണ്ട ഉദ്യോഗസ്ഥരിൽ സീനിയോരിറ്റി പ്രകാരം രണ്ടാം സ്ഥാനക്കാരനായിരുന്ന ശ്രീ.സുരേന്ദ്രൻ.കെ.വി യുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ തത്ക്കാലം സെലക്ട് ലിസ്റ്റിൽ

ഉൾപ്പെടുത്തേണ്ടതില്ലെന്ന് യോഗം തീരുമാനിക്കുകയും ചെയ്തു.

കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഗ്രേഡിങ് നടത്തിയതിൽ അപാകതയുണ്ടെന്നു കാണിച്ച് മത്സ്യബന്ധന തുറമുഖ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മുൻപാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പു കല്പിക്കാത്തതുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ, എറണാകുളം ബെഞ്ച് മുൻപാകെ ഫയൽ ചെയ്ത OA[EKM] 1229/2025 -ൽ പരാമർശം (2)-ലെ ഉത്തരവിൽ,Accepting Authority നല്കിയ 5 മാർക്ക് അംഗീകരിച്ച്, ശ്രീ.സുരേന്ദ്രൻ കെ.വി യുടെ അപ്പീൽ അപേക്ഷ തീർപ്പാക്കിയ സാഹചര്യത്തിലും Annual Performance Appraisal -ൽ ബെഞ്ച്മാർക്ക് സ്കോർ 5-ൽ കുറവുള്ള ഉദ്യോഗസ്ഥരെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് റിവ്യൂ ഡി.പി.സി കൂടി നിയമാനുസൃതമായ തീരുമാനം കൈക്കൊള്ളുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന സതീശൻ പി വി-യുടെ നിര്യാണത്തെത്തുടർന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഒരു ഒഴിവിലേയ്ക്ക് ശ്രീ.സുരേന്ദ്രൻ .കെ.വി, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർക്ക് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കുന്നതിനായി 16-10-2025-ൽ അഡ്ഹോക് ഡിപിസി (ഹയർ) കൂടിയിരുന്നു. ശ്രീ.സുരേന്ദ്രൻ കെ.വി-യുടെ അപ്പീൽ അപേക്ഷയിൽമേൽ റഫറൽ ബോർഡ് കൂടിയിട്ടില്ലാത്തതിനാലും ടിയാനെതിരെ വിജിലൻസ് പരാമർശം നിലനിൽക്കുന്ന സാഹചര്യത്തിലും ടിയാന് തത്ക്കാലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

ശ്രീ.സുരേന്ദ്രൻ.കെ.വി, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 1829/2025-ൽ 8/12/2025-ലെ ഉത്തരവ് പ്രകാരം റഫറൽ ബോർഡ് യോഗം 28/01/2026-ൽ ചേരുകയും ടിയാന്റെ 01/01/2023 മുതൽ 10/08/2023 വരെ ഉള്ള കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഗ്രേഡ് 5 -ൽ നിന്നും 7 ആക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത W.P.(C) 46894/2025 മേൽ 09/03/2026-ന് ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ടിയാനെതിരെയുള്ള വിജിലൻസ് നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്.

ശ്രീ.സുരേന്ദ്രൻ.കെ.വി, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 1829/2025 -മേൽ പുറപ്പെടുവിച്ച 24/03/2026-ലെ ഉത്തരവ് പ്രകാരം ടി ഉത്തരവ് ലഭ്യമായി 6 ആഴ്ചയ്ക്കകം റിവ്യൂ ഡി.പി.സി കൂടുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 5-6-2026-ന് അഡ്ഹോക്ക് വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി 2025 കൂടുകയും അസിസ്റ്റൻ്റ് ഡയറക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.സുരേന്ദ്രൻ.കെ.വി-യുടെ തൊട്ടടുത്ത ജൂനിയറായ ശ്രീമതി സീമ.സി.യ്ക്ക് സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ ടിയാന് പ്രൊമോഷൻ നൽകുന്നതിനായി 2025 വർഷത്തെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ സെലക്ട് ലിസ്റ്റിൽ ശ്രീ.സുരേന്ദ്രൻ കെ.വി.യുടെ സ്ഥാനം 1(a) ആയി പുനഃക്രമീകരിച്ച് പരാമർശം(7) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

ശ്രീ.സുരേന്ദ്രൻ കെ വി ഫിഷറീസ് അസിസ്റ്റൻ്റ് ഡയറക്ടർ (ഇൻലാൻഡ്), കോഴിക്കോട്-ന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി ഫിഷറീസ് ഡയറക്ടർ പരാമർശം(8) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (7) പ്രകാരമുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ സെലക്റ്റ് ലിസ്റ്റ് 2025 ൽ 1(a) ആയി ഉൾപ്പെടുത്തിയ ശ്രീ.സുരേന്ദ്രൻ കെ.വി (PEN 749135) -യ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ (Scale of pay 63700-123700) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി റീജിയണൽ എക്സിക്യൂട്ടീവ് അഡാക്ക് (ഉത്തരമേഖല) കോഴിക്കോട് കാര്യാലയത്തിലെ നിലവിലെ ഒഴിവിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നു.

ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 1829/2025 -മേൽ പുറപ്പെടുവിച്ച 24/03/2026-ലെ വിധിന്യായം നിർദ്ദേശം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREEJA S S

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.സുരേന്ദ്രൻ കെ. വി (ഫിഷറീസ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ശേഖരം (എ2/157/2026-മ.ത്സ.വ& എ2/261/2025/മ.ത്സ.വ)

Digitally signed by
Aswathy M L
Date: 03-08-2026
18:03:52

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ